# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1814** — **7/3/2018-ൽ മറുപടിക്ക്**

## ജനറിക് മെഡിസിൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ ജനറിക് മെഡിസിൻ വിതരണം കാര്യക്ഷമമാണോ; വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെയുള്ള ജനറിക് മരുന്നുകളുടെ വിതരണം കാര്യക്ഷമമായി-ത്തന്നെയാണ് നടക്കുന്നത്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നത് പൂർണ്ണമായും ജനറിക് മരുന്നുകളാണ്. കേരളാ ജനറിക്സ്, ജൻ ഔഷധി സ്റ്റോറുകൾ, സ്വകാര്യ ഫാർമസികൾ എന്നിവ വഴിയും പൊതുവിപണിയിൽ ജനറിക് നാമത്തിലുള്ള മരുന്നുകൾ ലഭ്യമാണ്. |
| ബി) | ഒരേ മരുന്നിനുതന്നെ വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയന്ത്രണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര അവശ്യവസ്തു നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ് പ്രൈസ് കൺട്രോൾ ഓഡർ (DPCO) പ്രകാരം, ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയാണ് (NPPA) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പരമാവധി വിലയ്ക്ക് താഴെ ഏതു വിലയിലും നിർമ്മാതാവിന് മരുന്ന് വിപണിയിൽ ലഭ്യമാക്കാം. നിലവിലെ നിയമപ്രകാരം അതിൽ അപാകതകളൊന്നുമില്ല. അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ-ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) നിർമ്മാതാക്കൾ അവരുടെ ഉൽപ്പന്നത്തിന്റെ വില സ്വയം നിശ്ചയിച്ചുറപ്പിച്ച് എൻ.പി.പി.എ-യുടെ അംഗീകാരം ലഭ്യമാക്കിയതിനു ശേഷം വിപണനം ചെയ്യുന്നതാണ് നിലവിലെ രീതി. ടി ഉൽപ്പന്നങ്ങളുടെ വിലയിൽ വർഷം തോറും 10% വർദ്ധനവ് നടത്താമെന്ന് ഡി.പി.സി.ഒ നിഷ്കർഷിക്കുന്നുണ്ട്.<br>ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും, പരാതികളുടെ |

➡

അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നു വിലപരിധി ലംഘിക്കുന്നതായി കാണുന്ന പക്ഷം, പ്രസ്തുത മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ NPPA-യെ അറിയിക്കുന്നുണ്ട്.

**സി)** മരുന്നുകളുടെ അമിത വിലയിൽ നിന്നും പൊതുജനങ്ങളെ സഹായിക്കാൻ ആരംഭിച്ച നടപടികൾ വിശദമാക്കാമോ; വില നിലവാരം മനസ്സിലാക്കാൻ പോർട്ടൽ സംവിധാനം ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

**സി)** ബ്രാൻഡഡ് മരുന്നുകൾ പൊതു-വിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലെത്തിക്കുന്നതിനായി ആരംഭിച്ച കാരുണ്യ ഫാർമസിയ്ക്ക് ഇപ്പോൾ കേരളത്തിലുടനീളം 60-ഓളം ശാഖകൾ ഉണ്ട്. കൂടാതെ സർക്കാർ ആശുപത്രികൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും ചില കുറിപ്പടികളെങ്കിലും പുറത്തുപോകുന്നവഴി സാധാരണക്കാരന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച പുതിയ സംരംഭമാണ് കേരള ജനറിക്സ്. കഴിഞ്ഞ ഏഴ് മാസക്കാലമായി കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും കേരള ജനറിക്സ് ഫാർമസികൾ പ്രവർത്തിച്ചുവരുന്നു.

വില നിയന്ത്രണ പട്ടികയിൽ ഉള്ള എല്ലാ ജീവൻ രക്ഷാമരുന്നുകളും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെ-യാണോ നിർമ്മാതാക്കൾ/ വിതരണക്കാർ/ വിൽപ്പനക്കാർ വിപണിയിൽ ലഭ്യമാക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പാക്കുന്നുണ്ട്. വിലനിയന്ത്രണ പട്ടിക, NPPA-യുടേയും, ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)-യുടേയും, സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റേയും വെബ് സൈറ്റുകളിൽ ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**